15
ചൊവ്വ
2018 മെയ്
1193 ഇടവം 1

മക്തബ്

www.makthabdaily.com

റെഡിമെയ്ഡ്
കട്ടിള, ജനൽ, ഡോർ
സോന വുഡ്
കട്ടിള 3,750/-
3 പാളി ജനൽ 9,350/-
ഡോർ 2,400/-
N.H ചിറവക്ക്, തളിപ്പറമ്പ് | N.H മാങ്ങാട്
Mob: 8592 888005 | 8593 888 013

മുന്ന് ബ്രാഞ്ച് സെക്രട്ടറിമാർ രാജി ഭീഷണി മുഴക്കി

ജയരാജന്റെ പുതിയ നിലപാട്

കീഴാറ്റൂർ സി.പി.എമ്മിൽ ആഭ്യന്തരകലാപം

തളിപ്പറമ്പ: വയൽക്കിളികളെ പാർട്ടി ശത്രുക്കളായി കണക്കാക്കി സോഷ്യൽ മീഡിയകളിൽ വിമർശിക്കാൻ പാടില്ലെന്ന സി.പി.എം ജില്ലാ സെക്രട്ടറി പി. ജയരാജന്റെ അണികളോടുള്ള ആഹ്വാനത്തെ ചൊല്ലി സി.പി.എമ്മിൽ ആഭ്യന്തര കലാപം. തുടക്കത്തിൽ ബൈപ്പാസിന് എതിരെ നിൽക്കുകയും പിന്നീട് പാർട്ടി തീരുമാനം ശിരസാവഹിച്ച് ബൈപ്പാസിനെ അനുകൂലിക്കുകയും ചെയ്ത കീഴാറ്റൂരിലെ പാർട്ടി നേതാക്കളും മെമ്പർമാരും അനുഭാവികളുമാണ് പരസ്യമായി കലാപത്തിന് ഒരുങ്ങിയത്. കീഴാറ്റൂരിലെ മൂന്ന് ബ്രാഞ്ച് സെക്രട്ടറിമാരും ഏരിയാ കമ്മിറ്റി ഓഫീസിലെത്തി സെക്രട്ടറി പി. മുകുന്ദൻ മുമ്പാകെ രാജിസന്നദ്ധതയറിയിക്കുകയായിരുന്നു. സി.പി.എമ്മിനെതിരെ ആർ.എസ്.എസുമായി കൂട്ടുചേർന്ന് സമാന്തര പ്രവർത്തനം നടത്തുന്ന സുരേഷ് കീഴാറ്റൂർ എങ്ങനെയാണ് പാർട്ടി വിരുദ്ധനല്ലെന്ന് ജില്ലാ സെക്രട്ടറി പ്രസ്താവന ഇറക്കിയതെന്ന് ചോദിച്ചായിരുന്നു മൂന്ന് ബ്രാഞ്ച് സെക്രട്ടറിമാരുടെ നേതൃത്വത്തിൽ സി.പി.എമ്മുകാർ ഏരിയാ സെക്രട്ടറിയെ കണ്ടത്. ഈ നില തുടരാനാണ് ഭാവമെങ്കിൽ ബ്രാഞ്ച് സെക്രട്ടറി സ്ഥാനം രാജിവെക്കുകയാണെന്നും പകരം വയൽക്കിളികളെ വച്ച് പാർട്ടി പ്രവർത്തനം നടത്തിക്കോളൂവെന്നുമാണ് കീഴാറ്റൂരിൽ നിന്നെത്തിയ സംഘം ഏരിയ സെക്രട്ടറിയെ അറിയിച്ചത്. ജയരാജന്റെ പ്രസ്താവനക്കെതിരെ കീഴാറ്റൂരിന് പുറത്തും പാർട്ടി അണികൾ രംഗത്തുവന്നിട്ടുണ്ട്. വയൽക്കിളികളും സി.പി.എം സൈബർ പോരാളികളും തമ്മിൽ മാസങ്ങളായി ഫെയ്സ്ബുക്കിൽ ഏറ്റുമുട്ടൽ നടക്കുന്നുണ്ട്. പലപ്പോഴും സഭ്യതയുടെ അതിർവരമ്പുകൾ ലംഘിച്ച് ഇവർ പരസ്പരം ആരോപണ പ്രത്യാരോപണങ്ങൾ ഉന്നയിക്കാറുമുണ്ട്. ഇന്നലെ മുതൽ വയൽക്കിളികൾക്കെതിരെ ഒരു പോസ്റ്റും ഇടാൻ കഴിയാത്ത സാഹചര്യമാണ് സി.പി.എം അണികൾക്ക്. അതേസമയം വയൽക്കിളികൾ നിരന്തരം പോസ്റ്റുകൾ ഇടുന്നുമുണ്ട്. ഈ സാഹചര്യത്തിലാണ് സി.പി.എം നേതാക്കളെക്കമുള്ളവർ രാജിഭീഷണി മുഴക്കിയത്. വയൽക്കിളികൾക്കെതിരെ കീഴാറ്റൂരിൽ ഗ്രാമോത്സവമടക്കമുള്ള പ്രവർത്തനങ്ങൾ നടക്കുന്നതിനിടയിലാണ് പുതിയ വിവാദം സി.പി.എമ്മിനെ പിടികൂടിയത്.

ലോങ്ങ്മാർച്ച് ഐക്യദാർഢ്യ സമിതിയുടേത്;
നീട്ടിവെച്ചത് ജയരാജൻ പറഞ്ഞിട്ടല്ല: സുരേഷ് കീഴാറ്റൂർ

തളിപ്പറമ്പ: ലോങ്ങ് മാർച്ച് നീട്ടിവച്ചത് സി.പി.എം ജില്ലാ സെക്രട്ടറി പി. ജയരാജൻ ആവശ്യപ്പെട്ടതിനെ തുടർന്നല്ലെന്ന് 'വയൽക്കിളി' നേതാവ് സുരേഷ് കീഴാറ്റൂർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു. ഐക്യദാർഢ്യ സമിതിയാണ് ലോങ്ങ്മാർച്ച് തീരുമാനിച്ചത്. 'വയൽക്കിളി' പ്രവർത്തകരുമായുള്ള ചർച്ചയിൽ ലോങ്ങ്മാർച്ച് നീട്ടിവെക്കണമെന്ന് ജയരാജൻ അഭ്യർത്ഥിച്ചിരുന്നു. എന്നാൽ അതിന് മുന്നെ തന്നെ ഐക്യദാർഢ്യസമിതി മാർച്ച് നീട്ടിവെക്കാൻ തീരുമാനിച്ചിരുന്നു. മഴക്കാലവും എല്ലാ ജില്ലകളിലും സംഘാടക സമിതി രൂപീകരിക്കാനുള്ള കാലതാമസവും പരിഗണിച്ചാണ് സപ്തംബർ മുഴക്കിയത്. വയൽക്കിളികൾക്കെതിരെ കീഴാറ്റൂരിൽ ഗ്രാമോത്സവമടക്കമുള്ള പ്രവർത്തനങ്ങൾ നടക്കുന്നതിനിടയിലാണ് പുതിയ വിവാദം സി.പി.എമ്മിനെ പിടികൂടിയത്. ആദ്യവാരം മാർച്ച് നടത്താൻ തീരുമാനിച്ചത്.

പി.ജയരാജനുമായി ചർച്ച നടത്തിയതിൽ അപാകതയൊന്നുമില്ല. ഏത് രാഷ്ട്രീയ നേതാവുമായും ചർച്ച നടത്തും. ബി.ജെ.പി. നേതാക്കളായ ഒ. രാജഗോപാലും പി.കെ. കൃഷ്ണദാസും ഒക്കെയായി ചർച്ച നടത്തിയിട്ടുണ്ട്. സി.പി.എം നേതാവ് എം.വി. ഗോവിന്ദനുമായി ചർച്ച നടത്തിയിട്ടുണ്ട്. ഞങ്ങളുടെ സമരത്തെ ലക്ഷ്യത്തിലെത്തിക്കുകയാണ് പ്രധാനം. അതിന് ആരുമായും ഇനിയും ചർച്ച നടത്തും. അല്ലാതെ ഞങ്ങളാരുടെയെങ്കിലും കുടക്കീഴിലോ, തണലിലോ അല്ല. ഐക്യദാർഢ്യ സമിതിയുമായി 'വയൽക്കിളി'കൾക്ക് യാതൊരു ഭിന്നിപ്പുമില്ല.

'വയൽക്കിളി'കളിലെ 95 ശതമാനം പേരും സി.പി.എമ്മുകാരാണ്. രാഷ്ട്രീയമില്ലാത്തവരുമുണ്ട്. എന്നാൽ 'വയൽക്കിളി' സംഘടനകൾക്ക് രാഷ്ട്രീയമില്ല. പ്രാദേശികമായ വിഷയത്തെ അടിസ്ഥാനമാക്കി രൂപം കൊണ്ട സംഘടനയാണത്. വ്യക്തിപരമായി ആർക്കും അവരുടെ രാഷ്ട്രീയ ബന്ധം തുടരാനും തുടരാതിരിക്കാനുമുള്ള അവകാശമുണ്ട്.

കീഴാറ്റൂർ വയൽ സന്ദർശിച്ച വനം-പരിസ്ഥിതി മന്ത്രാലയം റിപ്പോർട്ട് സമർപ്പിക്കാനിരിക്കുന്നതേയുള്ളൂ. അതിനിടയിൽ മെയ് 30 നുള്ളിൽ അലൈൻമെന്റ് പൂർത്തിയാക്കണമെന്ന് കലക്ടർ നിർദേശിച്ചതായി വാർത്ത കണ്ടു. പുതിയ സാഹചര്യത്തിൽ സമരം എങ്ങനെ മുന്നോട്ടു കൊണ്ടുപോകണമെന്ന് 'വയൽക്കിളികൾ' തീരുമാനമെടുക്കുമെന്നും അദ്ദേഹം പറഞ്ഞു.

പ്രസ് ക്ലബിൽ നടന്ന വാർത്താ സമ്മേളനത്തിൽ നമ്പ്രാടത്ത് ജാനകി, സി. മനോഹരൻ എന്നിവരും സംബന്ധിച്ചു.

ബംഗ്ളൂരു: രാജ്യം ഉറ്റുനോക്കിയ കർണ്ണാടക നിയമസഭ തിരഞ്ഞെടുപ്പിൽ ബി.ജെ.പി കേവല ഭൂരിപക്ഷത്തോട് അടുക്കുന്നു. 222 മണ്ഡലങ്ങളിൽ നടന്ന തിരഞ്ഞെടുപ്പിൽ ലീഡ് നില അറിവായപ്പോൾ 113 മണ്ഡലങ്ങളിൽ ബി.ജെ.പി മുന്നിട്ട് നിൽക്കുകയാണ്. ആകെ 224 സീറ്റുകളാണ് കർണ്ണാടക നിയമസഭയിലുള്ളത്. രണ്ട് മണ്ഡലങ്ങളിൽ വോട്ടെടുപ്പ് നടന്നിട്ടില്ല.

ഭരണകക്ഷിയായ കോൺഗ്രസ് ദയനീയമായി തകർന്നു. കഴിഞ്ഞ തവണ 122 സീറ്റ് ഉണ്ടായിരുന്ന കോൺഗ്രസ് 67 സീറ്റുകളിലാണ് മുന്നിട്ട് നിൽക്കുന്നത്. ജനതാദൾ (എസ്) 40 സീറ്റുകളിൽ ലീഡ് ചെയ്യുന്നുണ്ട്. രണ്ട് സീറ്റുകളിൽ ഒന്നിൽ ബി.എസ്. പിയും മറ്റൊന്നിൽ സ്വതന്ത്രനുമാണ് മുന്നിട്ട് നിൽക്കുന്നത്. കഴിഞ്ഞതവണ 40 സീറ്റ് മാത്രം ഉണ്ടായിരുന്ന ബി.ജെ.പിയാണ് 113 സീറ്റിലേക്ക് കുതിപ്പ് നടത്തിയത്.

കർണ്ണാടകയിലെ ആറ് മേഖലകളിൽ അഞ്ചിലും ബി.ജെ.പി വ്യക്തമായ ആധിപത്യം നേടി. മധ്യമേഖല, തീരമേഖല, ഹൈദ്രബാദ്, കർണ്ണാടകം, ന്യൂനപക്ഷ ദളിത് മേഖലകൾ എന്നിവയിൽ എല്ലാം ബി.ജെ.പി കരുത്ത് തെളിയിച്ചു. കോൺഗ്രസ് എല്ലാ മേഖലയിലും പിന്നോട്ടുപോയി. മൈസൂർ മേഖലയിൽ ജെ.ഡി.എസിനാണ് ആധിപത്യം.

ബി.ജെ.പിയുടെ മുഖ്യമന്ത്രി സ്ഥാനാർത്ഥി യെദ്യൂരപ്പ ശിക്കാരപ്പുര മണ്ഡലത്തിൽ നിന്ന് 10,000ത്തോളം വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചു. കോൺഗ്രസ് ടിക്കറ്റിൽ മൽസരിച്ച യു.ടി. ഖാദർ മംഗലാപുരം സിറ്റിയിൽ നിന്നും കെ.ജെ. ജോർജ് സർവ്വജ്ഞാന നഗറിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ടു. ഇരുവരും മലയാളികളാണ്. ജനതാദൾ (എസ്) നേതാവ് എച്ച്. ഡി. കുമാരസ്വാമി ചന്നപട്ടണത്തിൽ ലീഡ് ചെയ്യുന്നു. ബി.ജെ.പിയുടെ പ്രമുഖ നേതാക്കളായ ജഗദീഷ് ഷട്ടറും ലക്ഷ്മി ഹെബാൽക്കറും മുന്നിട്ട് നിൽക്കുന്നുണ്ട്.

ബി.ജെ.പി പാർലമെന്ററി പാർട്ടി യോഗം ഇന്ന് വൈകുന്നേരം നടക്കും. അതിൽ വെച്ച് യെദ്യൂരപ്പയെ നിയമസഭ കക്ഷി നേതാവായി തിരഞ്ഞെടുക്കുമെന്നാണ് സൂചന.

ലിംഗായത്ത് സമുദായത്തിന് മതന്യൂനപക്ഷ പദവി നൽകാനുള്ള സിദ്ദാരാമയ്യയുടെ തീരുമാനം കനത്ത തിരിച്ചടിക്ക് ഇടയാക്കിയെന്നാണ് തെരഞ്ഞെടുപ്പ് ഫലം സൂചിപ്പിക്കുന്നത്. ബംഗ്ളൂരു മേഖലയിൽ മാത്രമാണ് കോൺഗ്രസിന് അൽപമെങ്കിലും പിടിച്ചു നിൽക്കാൻ കഴിഞ്ഞത്.

സിദ്ധരാമയ്യ ഒരിടത്ത് തോറ്റു

ബംഗ്ളൂരു: കർണ്ണാടക മുഖ്യമന്ത്രി കോൺഗ്രസ് നേതാവ് സിദ്ധരാമയ്യ മൽസരിച്ച രണ്ട് മണ്ഡലങ്ങളിൽ ഒന്നിൽ തോറ്റു. ചാമുണ്ഡേശ്വരി മണ്ഡലത്തിലാണ് അദേഹം തോറ്റത്. ജനതാദൾ എസിലെ ജി.ടി. ദേവഗൗഡ (മുൻ പ്രധാനമന്ത്രിയല്ല) യാണ് ഇവിടെ വിജയിച്ചത്. അതേസമയം ബാദാമിൽ സിദ്ധരാമയ്യ വിജയത്തോടടുക്കുകയാണ്.

യെദ്യൂരപ്പ കർണ്ണാടക മുഖ്യമന്ത്രിയാകും

ബംഗ്ളൂരു: കർണ്ണാടക നിയമസഭാ തിരഞ്ഞെടുപ്പിൽ ബി.ജെ.പി കേവല ഭൂരിപക്ഷം ഉറപ്പാക്കിയതോടെ യെദ്യൂരപ്പ മുഖ്യമന്ത്രിയാകുമെന്ന് സൂചന. നേരത്തെയും അദേഹം കർണ്ണാടക മുഖ്യമന്ത്രിയായിരുന്നു. ഇടക്കാലത്ത് ബി.ജെ.പിയുമായി അകന്നെങ്കിലും വീണ്ടും തിരിച്ചുവരികയായിരുന്നു. യെദ്യൂരപ്പയായിരിക്കും മുഖ്യമന്ത്രിയെന്ന് കേന്ദ്രമന്ത്രി സദാനന്ദ ഗൗഡ മാധ്യമ പ്രവർത്തകരോട് പറഞ്ഞു.

ഇത് വെറും ഭാഷ ഭ്രാന്തല്ല

എഡിറ്റോറിയൽ പേജ് 2

നാടോടി ബാലികയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിക്കാൻ ശ്രമിച്ച യുവാവ് പിടിയിൽ

പയ്യന്നൂർ: അമ്മയോടൊപ്പം കിടന്നുറങ്ങുകയായിരുന്ന നാടോടി ബാലികയെ തട്ടിക്കൊണ്ടുപോയി പീഡിപ്പിക്കാൻ ശ്രമിച്ച കേസിൽ യുവാവ് പിടിയിൽ. പയ്യന്നൂർ പോലീസ് സ്റ്റേഷൻ പിറകിൽ വാടക ക്വാർട്ടേഴ്സിൽ താമസിക്കുന്ന പി.ടി. ബേബിരാജ് (24) ആണ് പിടിയിലായത്. ഇന്ന് പുലർച്ചെ കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ വെച്ച് പയ്യന്നൂർ സി.ഐ എം.പി. ആസാദിന്റെ നേതൃത്വത്തിലാണ് പ്രതിയെ പിടികൂടിയത്.

മെയ് 10ന് പുലർച്ചെ 1.30 ഓടെയാണ് കേസിനാസ്പദമായ സംഭവം. 22 വർഷമായി പയ്യന്നൂരിലും സമീപ പ്രദേശങ്ങളിലും ആക്രി പെറുക്കി വിറ്റ് ഉപജീവനം നടത്തുന്ന നാടോടി കുടുംബത്തിലെ ഏഴു വയസുകാരിയെയാണ് പീഡിപ്പിക്കാൻ ശ്രമം നടന്നത്. പുതിയ ബസ്സ്റ്റാന്റിനടുത്ത് സ്റ്റേഡിയത്തിലെ പാർക്കിംഗ് ഷെഡിൽ കുടുംബത്തോടൊപ്പം ഉറങ്ങിക്കിടക്കവെ പെൺകുട്ടിയെ തട്ടിയെടുക്കുകയായിരുന്നു. പെൺകുട്ടി നിലവിളിച്ചതോടെ ഉണർന്ന നാടോടി കുടുംബം പ്രതിയെ കൈക്കാര്യം ചെയ്തിരുന്നു. പരിക്കേറ്റ ഇയാളെ പയ്യന്നൂരിലെ സ്വകാര്യാശുപത്രിയിൽ പ്രവേശിപ്പിച്ചിരുന്നു. തുടർന്ന് പോലീസ് സ്റ്റേഷനിലെത്തിച്ചെങ്കിലും സ്റ്റേഷന് പുറത്ത് ഒരു അന്യത്തെ അടിസ്ഥാനമാക്കി രൂപം കൊണ്ട സംഘടനയാണത്. വ്യക്തിപരമായി ആർക്കും അവരുടെ രാഷ്ട്രീയ ബന്ധം തുടരാനും തുടരാതിരിക്കാനുമുള്ള അവകാശമുണ്ട്.

ഭിഭാഷകന്റെ മധ്യസ്ഥതയിൽ കേസ് ഒത്തുതീർക്കാൻ ചർച്ച നടത്തുകയായിരുന്നു. ഒടുവിൽ അര ലക്ഷം രൂപയുടെ ചെക്ക് ബേബിരാജ് നാടോടി കുടുംബത്തിന് നൽകി. ഇത് വണ്ടിച്ചെക്കാണെന്ന് തിരിച്ചറിയുകയും സി.പി.ഐ-ഡി.വൈ.എഫ്.ഐ നേതാക്കൾ ഇടപ്പെട്ട് നാടോടി കുടുംബത്തെ കൊണ്ട് പോലീസിൽ പരാതി നൽകുകയും ചെയ്തതോടെയാണ് പോക്സോ നിയമപ്രകാരം കേസെടുത്തത്.

സംഭവത്തെ തുടർന്ന് ബംഗ്ലൂരുവിലേക്ക് മുങ്ങിയ ബേബിരാജ് നാട്ടിലേക്ക് തിരിച്ചുവരുന്നുണ്ടെന്ന സൂചനയെ തുടർന്ന് പോലീസ് കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ കാത്തിരുന്നാണ് പിടികൂടിയത്. ബേബിരാജിനെ പയ്യന്നൂർ പോലീസ് സ്റ്റേഷനിൽ എത്തിച്ച് ചോദ്യം ചെയ്തുവരികയാണ്.

സോളാർ: മുഖ്യമന്ത്രിക്ക് തിരിച്ചടി; ഉമ്മൻചാണ്ടിക്ക് ആശ്വാസം

എറണാകുളം: സോളാർക്കേസിൽ മുഖ്യമന്ത്രി പിണറായി വിജയന് തിരിച്ചടി. മുൻ മുഖ്യമന്ത്രി ഉമ്മൻചാണ്ടിക്ക് ആശ്വാസം. മുഖ്യപ്രതി സരിത എസ്. നായരുടെ കത്തിന്റെ അടിസ്ഥാനത്തിലുള്ള കണ്ടെത്തലുകൾ ഹൈക്കോടതി റദാക്കി. സരിതയുടെ കത്തും അതുമായി ബന്ധപ്പെട്ട പരാമർശങ്ങളുമാണ് ജസ്റ്റിസ് ശിവരാജൻ കമ്മീഷൻ റിപ്പോർട്ടിൽ നിന്ന് ഹൈക്കോടതി നീക്കം ചെയ്തത്. സരിത കത്തിൽ ഉന്നയിച്ചിരുന്ന ലൈംഗികാരോപണങ്ങൾ കമ്മീഷന്റെ പരിധിയിൽ വരുന്നതല്ലെന്നും കോടതി വ്യക്തമാക്കി. ഉമ്മൻചാണ്ടി നൽകിയ ഹർജി ഭാഗീകമായി അനുവദിച്ചുകൊണ്ടാണ് കോടതി വിധി. എന്നാൽ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള അന്വേഷണത്തിൽ തടസമില്ലെന്ന് കോടതി വ്യക്തമാക്കി.

സരിതയുടെ കത്തും ബന്ധപ്പെട്ട പരാമർശങ്ങളും ഒഴിവാക്കിവേണം റിപ്പോർട്ട് സർക്കാർ പരിഗണിക്കാൻ. തുടർ നടപടിയെടുക്കുകയോ പത്രക്കുറിപ്പ് ഇറക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ അത് പുനപരിശോധിക്കണമെന്നും കോടതി നിർദേശിച്ചു. സോളാർ കേസ് പ്രതിയായ സരിത നായരുടെ കത്ത് റിപ്പോർട്ടിന്റെ ഭാഗമാക്കിയ കമ്മീഷൻ സർക്കാർ ഏൽപ്പിച്ച പരിഗണനാ വിഷയങ്ങൾ മറികടന്നുവെന്നായിരുന്നു ഉമ്മൻചാണ്ടിയുടെ ഹർജിയിലെ പ്രധാന ആരോപണം.

ജസ്റ്റിസ് ശിവരാജൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉമ്മൻചാണ്ടി, നാല് മുൻ മന്ത്രിമാർ, പ്രമുഖ നേതാക്കൾ, പോലീസ് ഉദ്യോഗസ്ഥർ എന്നിവരടക്കം 21 പേർക്കെതിരെ ക്രിമിനൽ, വിജിലൻസ് കേസ് നടപടിക്ക് പിണറായി സർക്കാർ തീരുമാനിച്ചിരുന്നു. ഉമ്മൻചാണ്ടി അടക്കമുള്ള 14 പേർക്കെതിരെ സരിതയുടെ കത്തിന്റെ അടിസ്ഥാനത്തിൽ ലൈംഗീക പീഡന കുറ്റം ചുമത്താനും തീരുമാനിച്ചിരുന്നു. മുഖ്യമന്ത്രി തന്നെ വാർത്താ സമ്മേളനം നടത്തി ഇക്കാര്യം പ്രഖ്യാപിച്ചിരുന്നു. ഈ മന്ത്രി സഭാ തീരുമാനത്തിനാണ് തിരിച്ചടി നേരിട്ടത്.

അതേസമയം മുൻമന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ നൽകിയ ഹർജി ഹൈക്കോടതി തള്ളി. തനിക്കെതിരായ കേസ് ഒഴിവാക്കണമെന്നായിരുന്നു തിരുവഞ്ചൂരിന്റെ ആവശ്യം. ആഭ്യന്തര മന്ത്രി എന്ന നിലയിൽ പ്രതികളെ സംരക്ഷിക്കാൻ തിരുവഞ്ചൂർ ശ്രമിച്ചുവെന്നായിരുന്നു ആക്ഷേപം.

ഒന്നേകാൽ കിലോ കഞ്ചാവുമായി യുവാവ് പിടിയിൽ

കണ്ണൂർ: ബൈക്കിൽ കടത്തുകയായിരുന്ന ഒരു കിലോ മുന്നൂറ് ഗ്രാം കഞ്ചാവുമായി യുവാവിനെ ടൗൺ എസ്.ഐ ശ്രീജിത്ത് കൊടേരി അറസ്റ്റ് ചെയ്തു. കമ്പിൽ സ്വദേശി പി.വി. റംഷാദ്(23) ആണ് പിടിയിലായത്. ഇന്നലെ രാത്രി 9.30 ഓടെ പള്ളിക്കുന്ന് മൂകാംബിക ക്ഷേത്രത്തിന് സമീപത്തെ റോഡിൽ വെച്ചാണ് പിടികൂടിയത്. പൾസർ ബൈക്കിൽ കഞ്ചാവ് ഒളിപ്പിച്ച് കടത്തുകയായിരുന്നു. മംഗലാപുരത്ത് നിന്നാണ് കഞ്ചാവ് കൊണ്ടുവന്നതെന്ന് പോലീസ് ചോദ്യം ചെയ്തുവെ റംഷാദ് വെളിപ്പെടുത്തി. ചെറുകിട വിൽപ്പനക്കാർക്ക് വിതരണം ചെയ്യാനായി കൊണ്ടുപോവുകയായിരുന്നു കഞ്ചാവ്. കഞ്ചാവ് കടത്ത് റാക്കറ്റിലെ പ്രധാന കണ്ണിയാണ് ഇയാളെന്ന് സംശയിക്കുന്നു.

എ.എസ്.ഐ അനീഷ് കുമാർ, സി.പി.ഒമാരായ ലിജേഷ്, ബാബു പ്രസാദ്, ഡ്രൈവർ അനീഷ് എന്നിവരും റംഷാദിനെ പിടികൂടിയ സംഘത്തിലുണ്ടായിരുന്നു.

6 മാസം കൊണ്ട് SSLC/+2
SSLC പാസ്സായവർക്ക് +2 കോഴ്സിനും 15 വയസ്സ് പൂർത്തിയായവർക്ക് SSLC ക്കും ചേരാം.
SSLC / +2 തോറ്റവർക്ക് തോറ്റ വിഷയം മാത്രം എഴുതി പാസ്സാകം.
6 മാസം കൊണ്ട്
BA/BCom/BCA/BBA/MBA/
MCA/ MCom/MA/MPhil etc./
(Break - in - Study)
ഡിപ്ലോമ കഴിഞ്ഞവർക്ക് ഡിഗ്രി
Air Line Management, Hotel Management, Travel & Tourism etc.
IASE COLLEGE
Payyannur : 04985209624
Taliparamba: 9895565624, 9895900114


SILPAULIN
താർപായകൾ
ഏത് അളവിലും
JR BUSINESS CORPORATION
WHOLESALE & RETAIL
ഹോൾസെയിൽ & റീട്ടെയിൽ
കാക്കത്തോട് ജംഗ്ഷൻ, നിയർ വ്യാപാരഭവൻ
തളിപ്പറമ്പ്
Ph: 0460 2203149, 9847112365, 9142048110
NB: വാടക സാധന വിതരണ കടകൾ, ഹോട്ടലുകൾ, തട്ടുകടകൾ എന്നിവക്ക് ആവശ്യമായ ഗ്യാസ് അടുപ്പ്, അലുമിനിയം-സ്റ്റീൽ-ചെമ്പ് പാത്രങ്ങൾ, ബേരലുകൾ, കസേരകൾ, മേശകൾ തുടങ്ങി എല്ലാവിധ സാധനങ്ങളും ഹോൾസെയിൽ വിലയിൽവിൽക്കപ്പെടുന്നു

ആർട്സ് കോളേജ്
ശ്രീകണ്ഠപുരം
Ph: 0460 2230308, 9744810579
+1, BA, B.Com, BBA, MA, M.Com
MBA, Mphil (Regular/Distance)
SSLC പാസായി ഒരു വർഷം കഴിഞ്ഞവർക്കും
+2 Failed ആയ കുട്ടികൾക്കും PSC അംഗീകൃത
+2 8 മാസം കൊണ്ട് പാസ്സാകാം
(5 വിഷയങ്ങൾ മാത്രം, മലയാളത്തിൽ പരീക്ഷ)
അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു
9744810579, 0460 2230308
6 മാസം കൊണ്ട്
One sitting Degree, P.G കോഴ്സുകൾ
(കേന്ദ്ര ഗവൺമെന്റ് ജോലികൾക്കും Embassy attestation)